വരാപ്പുഴ: മുഖം നോക്കാതെ നടപടിയെന്ന് കോടിയേരി

കൊച്ചി: വരാപ്പുഴയിലെ കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ പൊലീസുകാർക്കെതിരെ മുഖം നോക്കാതെ സർക്കാർ നടപടിയെടുക്കുമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ഇത്തരം ആളുകൾ പൊലീസ് സേനയിലുണ്ടാവരുത്. പ്രതികൾക്ക് യാതൊരു വിധ സംരക്ഷണവും നൽകില്ല. പൊലീസ് മൊഴി മാറ്റിയെന്ന സി.പി.എം ബ്രാഞ്ച് സെക്രട്ടറിയുടെ അഭിപ്രായത്തെക്കുറിച്ച് പ്രതികരിക്കുന്നില്ലെന്നും കോടിയേരി പറഞ്ഞു. എസ്.പിയെ മാറ്റുന്നതും നിയമിക്കുന്നതുമൊക്കെ സർക്കാർ കാര്യമാണ്. പോരായ്മകളുണ്ടെങ്കിൽ പ്രതിപക്ഷത്തിന് ചൂണ്ടിക്കാണിക്കാം.

ജനമോചനയാത്ര രണ്ടാംഘട്ടം ഇന്ന് തുടങ്ങും

തിരുവനന്തപുരം: കെ.പി.സി.സി പ്രസിഡന്റ് എം.എം.ഹസൻ നയിക്കുന്ന ജനമോചനയാത്രയുടെ രണ്ടാംഘട്ടം നാലു ദിവസത്തെ വിഷു അവധിക്കുശേഷം ഇന്ന് (17ന്) തൃശ്ശൂർ ജില്ലയിൽ നിന്നു പര്യടനം ആരംഭിക്കുമെന്ന് കെ.പി.സി.സി. ജനറൽ സെക്രട്ടറി തമ്പാനൂർ രവി അറിയിച്ചു. രാവിലെ 10ന് വടക്കാഞ്ചേരി, 3ന് ചാവക്കാട്, 5ന് തേക്കിൻകാട് മൈതാനം, 6ന് കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ സ്വീകരണം നൽകും. വൈകിട്ട് തേക്കിൻകാട് മൈതാനത്ത് നടക്കുന്ന പരിപാടിയിൽ പോണ്ടിച്ചേരി മുഖ്യമന്ത്രി വി.നാരായണ സ്വാമി പങ്കെടുക്കും. 25ന് തലസ്ഥാനജില്ലയിൽ പ്രവേശിക്കും. അന്ന് വൈകിട്ട് 6ന് ഗാന്ധിപാർക്കിൽ സമാപന സമ്മേളനം നടക്കും.

ദിലീപിന് വിദേശത്ത് പോകാൻ അനുമതി

കൊച്ചി : യുവനടിയെ ആക്രമിച്ച് അശ്ലീലദൃശ്യം പകർത്തിയ കേസിൽ പ്രതിയായ നടൻ ദിലീപിന് ഏപ്രിൽ 25 മുതൽ മേയ് നാലു വരെ വിദേശത്ത് പോകാൻ കോടതി അനുമതി നൽകി. തന്റെ പുതിയ ചിത്രമായ കമ്മാരസംഭവത്തിന്റെ റിലീസ് - പ്രൊമോഷൻ വർക്കുകൾക്കായി ദുബായിലും സിംഗപ്പൂരിലും പോകാൻ അനുമതി തേടി ദിലീപ് നൽകിയ ഹർജി അവധിക്കാല കോടതിയായ ഫാസ്റ്റ് ട്രാക്ക് കോടതി ഒന്നാണ് പരിഗണിച്ചത്. നേരത്തെ കേസിൽ ജാമ്യം അനുവദിച്ചപ്പോൾ കോടതിയുടെ അനുമതിയില്ലാതെ രാജ്യത്തിന് പുറത്തു പോകരുതെന്ന് നിർദേശിച്ചിരുന്നു. ഇതനുസരിച്ചാണ് ഹർജി നൽകിയത്.

മൂന്ന് സൈബർ പൊലീസ് സ്റ്റേഷനുകൾ

തിരുവനന്തപുരം: എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം കാര്യക്ഷമമാക്കുന്നതിനുമാണ് പ്രത്യേക വിഭാഗം രൂപീകരിക്കുന്നത്. ഓരോ സ്റ്റേഷനിലേക്കും ഒരു സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 18 തസ്തികകൾ (മൊത്തം 54) സൃഷ്ടിക്കും. സർക്കാർ, എയ്ഡഡ് വിഭാഗത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തീരദേശ നിയന്ത്രണ മേഖല (സി.ആർ.സെഡ്) ക്ലിയറൻസിനുള്ള പരിശോധനാ ഫീസിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു.

ക്രമസമാധാനം: ഡി.ജി.പി യോഗം വിളിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് കസ്റ്റഡി മരണം അടക്കമുള്ള സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ക്രമസമാധാന ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗം 19ന് പൊലീസ് ആസ്ഥാനത്ത് ചേരും. എ.ഡി.ജി.പിമാർ, ഐ.ജിമാർ, ജില്ലാ പൊലീസ് മേധാവിമാർ എന്നിവർ യോഗത്തിൽ പങ്കെടുക്കും. ഹർത്താൽ ആഹ്വാനത്തെ തുടർന്ന് പൊതുമുതൽ നശീകരണവും അതിക്രമവും നടത്തിയവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുമെന്ന് പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

കൊല്ലം പാസഞ്ചറിൽ തീയും പുകയും

ആലപ്പുഴ: ട്രെയിനടിയിൽ തീയും പുകയും കണ്ടതിനെ തുടർന്ന് എറണാകുളം-കൊല്ലം പാസഞ്ചറിന്റെ യാത്ര തടസപ്പെട്ടു. ഇന്നലെ വൈകിട്ട് അഞ്ചരയോടെയാണ് സംഭവം. മെക്കാനിക്കൽ വിഭാഗം നടത്തിയ പരിശോധനയിൽ ബ്രേക്ക് ബൈൻഡിംഗിൽ ഘർഷണംമൂലമാണ് തീയും പുകയും ഉണ്ടായതെന്ന് കണ്ടെത്തി. തകരാർ പരിഹരിച്ച് ട്രെയിൻ ആറുമണിയോടെ പുറപ്പെട്ടു.

ഹർത്താൽ : ബി.ജെ.പി പരാതി നൽകി

തിരുവനന്തപുരം: വ്യാജ ഹർത്താലിന്റെ മറവിൽ സംസ്ഥാനത്ത് നടന്ന അക്രമ സംഭവങ്ങളിൽ നടപടി ആവശ്യപ്പെട്ട് ബി. ജെ. പി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ ഡി. ജി. പിക്ക് പരാതി നൽകി. വടക്കൻ കേരളത്തിലും തിരുവനന്തപുരത്തും നടന്ന അക്രമ സംഭവങ്ങളുടെ പട്ടികയും ഡി.ജി.പിക്ക് നൽകി.

അടുത്ത മന്ത്രിസഭാ യോഗം 24 ന്

തിരുവനന്തപുരം: അടുത്ത ആഴ്ചയിലെ മന്ത്രിസഭായോഗം 24ന് (ചൊവ്വ) ചേരും. 25ന് തൃശ്ശൂർ പൂരമായതിനാലും തുടർന്നുള്ള ദിവസങ്ങളിൽ സി.പി.ഐ പാർട്ടി കോൺഗ്രസ് കൊല്ലത്ത് നടക്കുന്നതിനാലുമാണ് ബുധനാഴ്ചയിലെ മന്ത്രിസഭാ യോഗം ചൊവ്വാഴ്ച ആക്കിയത്. മുഖ്യമന്ത്രി പിണറായി വിജയൻ 25ന് തലസ്ഥാനത്ത് ഉണ്ടാവില്ല.

വിഷുനാളിൽ യാത്രയായി ആ വിചിത്രകഥാപുരുഷൻ

ആദ്യം കുപ്രസിദ്ധനായ കള്ളനും പിന്നീട് പൊലീസിന്റെ അടുത്ത മിത്രവുമായിത്തീർന്ന ചിത്രൻ നമ്പൂതിരി ഇനിയില്ല

ജയപ്രകാശ് തേനാക്കുഴി

ബാലുശ്ശേരി: ബാലുശ്ശേരിയിലെ കുപ്രസിദ്ധ കള്ളനായിരുന്ന ചിത്രൻ നമ്പൂതിരി (79) കുട്ടികളെ ഭയപ്പെടുത്താൻ അമ്മമാർ പോലും ആ പേര് ഉപയോഗിച്ചിരുന്ന കാലമുണ്ട്. അത് പഴയ കാലം. പിന്നീട് പൊലീസിന്റെ അടുത്ത മിത്രമായി മാറുകയായിരുന്നു ആ പെരും കള്ളൻ.

ആദ്യം കുപ്രസിദ്ധനും പിന്നീട് സുപ്രസിദ്ധനും ആയ ആ കള്ളൻ കഴിഞ്ഞ ദിവസം വിഷുനാളിൽ യാത്രയായി. മരിക്കാതിരിക്കാൻ ആവതില്ലല്ലോ, ഒരാൾക്കും. ശനിയാഴ്ച രാത്രി 8 മണിയോടെ തൃക്കുറ്റിശ്ശേരി വയൽ പീടിക സ്റ്റോപ്പിനു സമീപം റോഡിലൂടെ നടന്നു പോകുകയായിരുന്ന ചിത്രൻ നമ്പൂതിരിയെ ബൈക്ക് ഇടിക്കുകയായിരുന്നു.

മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ വിഷുദിവസമായ ഞായറാഴ്ച രാവിലെ 9 മണിയോടെയാണ് മരണം. ബാലുശ്ശേരി തൃക്കുറ്റിശ്ശേരി മഠത്തിൽ പാലക്കാട്ട് ഇല്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടേയും നങ്ങയ്യ അന്തർജ്ജനത്തിന്റെയും മകനാണ് ചിത്രൻ നമ്പൂതിരി.

വിചിത്രമായ ജീവിതമായിരുന്നു ചിത്രൻ നമ്പൂതിരിയുടേത്. ആദ്യം പേരുകേട്ട പെരും കള്ളനായി കുപ്രസിദ്ധി. നിരവധി മോഷണങ്ങൾ നടത്തിയ ആ കൈകൾ ഒടുവിൽ പൊലീസിനു വേണ്ടി മൃതദേഹങ്ങൾ റിക്കവർ ചെയ്യുന്ന കൈകളായി മാറി.

ചിത്രൻ നമ്പൂതിരി

ഒരു കാലത്തെ വാണ്ടഡ് ക്രിമിനൽ പിൽക്കാലത്ത് പൊലീസിന്റെ സഹായിയായി മാറുകയായിരുന്നു. പൂക്കിപറമ്പ് ബസ് ദുരന്തത്തിലെ കത്തിക്കരിഞ്ഞ 48 മൃതദേഹങ്ങൾ നീക്കം ചെയ്തുകൊണ്ടായിരുന്നു മാറ്റത്തിന്റെ തുടക്കം.

കടലുണ്ടി തീവണ്ടി അപകടത്തിൽ പെട്ടവരുടെ മൃതദേഹങ്ങളെടുക്കാനും മുന്നിലുണ്ടായിരുന്നു. ഈങ്ങാപ്പുഴ റബർ തോട്ടത്തിൽ കുഴിച്ചിട്ട മാധവിയുടെ ജഡം പൊലീസിനു വേണ്ടി ആഴ്ചകൾക്ക് ശേഷം പുറത്തെടുത്തത് ചിത്രൻ നമ്പൂതിരിയായിരുന്നു.

വളാഞ്ചേരി പുഴയിൽ നിന്ന് ഒമ്പതു ദിവസം പഴക്കം ചെന്ന ജഡവും വണ്ടൂരിൽ ക്രൂരമായി കൊലചെയ്യപ്പെട്ട കൃഷ്ണപ്രിയയുടെ ജഡവും ബാലുശ്ശേരിയിൽ ആൾപാർപ്പില്ലാത്ത വീട്ടുപറമ്പിലെ കിണറ്റിൽ നിന്ന് അഞ്ചു ദിവസം പഴക്കം ചെന്ന മൃതദേഹവും പുറത്തെടുത്തത് അദ്ദേഹമായിരുന്നു. പ്രതിഫലവും വാങ്ങിയിരുന്നു.

പക്ഷേ, ചിത്രൻ നമ്പൂതിരിയെ തിരക്കി പൊലീസുകാർ ആദ്യമായി ഇല്ലത്തിന്റെ പടി കയറി വന്നത് 56 വർഷങ്ങൾക്ക് മുമ്പാണ്. അത് തൊണ്ടിമുതൽ പുറത്തെടുക്കാനായിരുന്നു. മോഷ്ടാവായ നമ്പൂതിരിയെ തിരഞ്ഞ് പൊലീസ് പിന്നീട് പലതവണ ഇല്ലത്തെത്തി.

സ്വന്തം വീട്ടിൽ നിന്നായിരുന്നു മോഷണത്തിന്റെ തുടക്കം. പിന്നീട് മറ്റു നമ്പൂതിരിമാരുടെ ഇല്ലങ്ങളിൽ നിന്നായി. അയൽപക്കത്തെ ക്ഷേത്രം തന്ത്രിയുടെ വീട്ടിൽ നിന്നായിരുന്നു ആദ്യത്തെ പ്രധാന മോഷണം.

അതോടെ ജയിലിലായി. പിന്നെ പേരെടുത്ത മോഷ്ടാവായി. പൂജപ്പുര, കണ്ണൂർ, വിയ്യൂർ, കോയമ്പത്തൂർ ജയിലുകളിൽ ശിക്ഷ അനുഭവിച്ചു. 1985 ൽ മോഷണമെല്ലാം നിറുത്തി. അതോടെ വേറിട്ടൊരു ആളായി മാറി.

ഒരിക്കൽ നമ്പൂതിരി പറഞ്ഞു. 'പൊലീസുകാരിൽ നിന്ന് എനിക്ക് കിട്ടിയ അടി ഒരു മരത്തിനാണ് കിട്ടിയിരുന്നതെങ്കിൽ ആ മരം എന്നേ ഉണങ്ങിപ്പോകുമായിരുന്നു.'

എൺപതിനോടടുത്തപ്പോഴും ഉണങ്ങാതെ നല്ല ആരോഗ്യം കാത്തുസൂക്ഷിച്ച ചിത്രൻ നമ്പൂതിരിയ്ക്ക് ഒരാഗ്രഹം മാത്രമേയുണ്ടായിരുന്നുള്ളൂ. 'ഇനിയൊരു ജന്മമുണ്ടെങ്കിൽ അത് നല്ല മനുഷ്യനായിട്ടാവണം'.

സി.പി.എം പാർട്ടി കോൺഗ്രസിന് ഇന്ന് കൊടി ഉയരും

കോൺഗ്രസ് ബന്ധ ചർച്ച നിർണായകം

സി.പി. ശ്രീഹർഷൻ

ഹൈദരാബാദ്: ബി. ജെ. പിയെ നേരിടുന്നതിൽ ഉൾപ്പെടെ കോൺഗ്രസിനോടുള്ള സി.പി. എമ്മിന്റെ രാഷ്ട്രീയ സമീപനം ഏത് തരത്തിലാവണമെന്ന കാര്യത്തിൽ അന്തിമ തീർപ്പിന് വേദിയാവുന്ന 22-ാം പാർട്ടി കോൺഗ്രസിന് തെലുങ്കാന സമരവീര്യം പേറുന്ന ഹൈദരാബാദിൽ ഇന്ന് കൊടി ഉയരും.

കോൺഗ്രസുമായി തിരഞ്ഞെടുപ്പ് സഖ്യമോ, ധാരണയോ വേണ്ടെന്ന് നിർദ്ദേശിച്ചു കൊണ്ട് പാർട്ടി കേന്ദ്ര കമ്മിറ്റി അംഗീകരിച്ച കരട് രാഷ്ട്രീയ പ്രമേയം പാർട്ടി കോൺഗ്രസ് തള്ളുമോ കൊള്ളുമോ എന്നതാണ് നിർണായകം. നാളെ ആർ.ടി.സി കല്യാണമണ്ഡപത്തിൽ പ്രതിനിധി സമ്മേളനത്തിന് തുടക്കമാകും.

ഹിന്ദുത്വവർഗീയ ശക്തികളെ ഒറ്റപ്പെടുത്താനും ജനവിരുദ്ധ സാമ്പത്തികനയങ്ങളെ തിരുത്തിക്കാനും ബി.ജെ.പി സർക്കാരിനെ തോല്പിക്കേണ്ടത് അനിവാര്യമാണെന്നാണ് കരട് രാഷ്ട്രീയപ്രമേയം പറയുന്നത്. എന്നാൽ, അത് സാദ്ധ്യമാകേണ്ടത് കോൺഗ്രസുമായി തിരഞ്ഞെടുപ്പ് സഖ്യമോ ധാരണയോ കൂടാതെ വേണം'- പ്രമേയം അടിവരയിടുന്നത് ഇതാണ്.

എന്നാൽ, കോൺഗ്രസുമായി തിരഞ്ഞെടുപ്പ് സഖ്യമോ ധാരണയോ കൂടാതെയുള്ള ബദൽ എന്ന പരാമർശം മാറ്റണമെന്ന് പാർട്ടി ബംഗാൾ നേതൃത്വം പറയുന്നു. ഇതിന്റെ ചുവട് പിടിച്ചുള്ള ജനറൽസെക്രട്ടറി സീതാറാം യെച്ചൂരിയുടെ ന്യൂനപക്ഷ രേഖയിൽ വ്യക്തമാക്കുന്നത്, ഭരണവർഗ ബൂർഷ്വാ പാർട്ടികളുമായി തിരഞ്ഞെടുപ്പ് സഖ്യമോ മുന്നണിയോ വേണ്ട എന്നാണ്.

കോൺഗ്രസുമായി ധാരണ എന്ന് തീരുമാനിച്ചാൽ, നവ ഉദാരവത്കരണ നയങ്ങൾക്കും അതിന്റെ ഉപജ്ഞാതാക്കളായ കോൺഗ്രസിനും എതിരായ വിമർശനം അസാദ്ധ്യമാകും എന്നാണ് കാരാട്ടും എസ്. രാമചന്ദ്രൻ പിള്ളയും ഉയർത്തുന്ന പ്രധാന പ്രശ്നം. ഒരു പടി കൂടി കടന്ന്, സി.പി. എമ്മിന് ശക്തിയോ സ്വാധീനമോ ഇല്ലാത്ത ഇടങ്ങളിൽ ബി.ജെ.പിയെ തോല്പിക്കാൻ കഴിയുന്ന ശക്തികൾക്ക് വോട്ട് ചെയ്യാമെന്ന നിലയിലേക്കും അവർ വന്നിട്ടുണ്ട്.

അതിനപ്പുറത്തേക്കുള്ള നിലപാട് പറ്റില്ലെന്ന് തന്നെയാണ് നിലപാട്. പാർട്ടിയിൽ ഇപ്പോൾ പ്രബലമായ കേരള ഘടകത്തിന്റെയും മഹാരാഷ്ട്രയിലെ ലോംഗ് മാർച്ച് വിജയിപ്പിച്ച കിസാൻസഭാ നേതാക്കളുടെയും ശക്തമായ പിന്തുണ ഈ നിലപാടിനുണ്ട്.

പാർട്ടി കോൺഗ്രസ് പ്രതിനിധികളുടെ എണ്ണത്തിൽ കേരളവും ബംഗാളും ഒപ്പത്തിനൊപ്പമാണ്. ബംഗാൾ ഘടകം സമ്മർദ്ദം കടുപ്പിക്കുമോ? രണ്ട് നിലപാടുകൾക്കുമിടയിൽ ഒരു സമവായസാദ്ധ്യത രൂപപ്പെടുമോ? നാടകീയ നീക്കങ്ങൾക്ക് ഹൈദരബാദ് വേദിയാകുമോ?- പാർട്ടി കോൺഗ്രസിന് കൊടി ഉയരുമ്പോൾ ആകാംക്ഷയുണർത്തുന്നത് ഈ ചോദ്യങ്ങളാണ്.

യെച്ചൂരിയുടെ വാദമുഖം തള്ളാൻ കേരളഘടകം, തുണയ്ക്കാൻ ബംഗാൾ

ഒ.സി. മോഹൻരാജ്

ഹൈദരാബാദ്: കോൺഗ്രസുമായി കൂട്ടുചേർന്ന് തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ പ്രതിരോധിക്കണമെന്ന ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ വാദമുഖങ്ങളെ ആക്രമിക്കാൻ സി.പി.എം കേരള ഘടകം തയ്യാറാകും.

എന്നാൽ കേരള ഘടകത്തിന്റെ നീക്കങ്ങളെ ശക്തമായി പ്രതിരോധിക്കാൻ ബംഗാൾ, ആന്ധ്രപ്രദേശ് ഘടകങ്ങളും തയ്യാറായിട്ടുണ്ട്. ജന്മനാട്ടിൽ നടക്കുന്ന പാർട്ടി കോൺഗ്രസിൽ ജനറൽ സെക്രട്ടറിയെ പോറലേൽപ്പിക്കാൻ അനുവദിക്കില്ലെന്ന നിലപാടിലാണ് ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിലെ പാർട്ടി നേതൃത്വം. അതുകൊണ്ടു തന്നെ കേരള ഘടകം ഏറെ ജാഗ്രതയോടെയാണ് കരുനീക്കം നടത്തുന്നത്. കേരളസംസ്ഥാന കമ്മിറ്റിയിലും സെക്രട്ടേറിയറ്റിലും യെച്ചൂരിയെ അനുകൂലിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം. പുതിയ സാഹചര്യത്തിൽ തന്റെ രാഷ്ട്രീയ ലൈനിന്റെ പ്രാധാന്യം ചർച്ചയിലൂടെ ഉയർത്താൻ കഴിയുമെന്ന പ്രതീക്ഷ യച്ചൂരി പക്ഷത്തിനുണ്ട്. കോൺഗ്രസുമായി സഖ്യ സാദ്ധ്യത തേടണമെന്ന നിലപാടാണ് ബംഗാൾ ഘടകത്തിനുള്ളത്. ബംഗാൾ സംസ്ഥാന സമ്മേളനത്തിലും യെച്ചൂരി ലൈനിനെ ഭൂരിഭാഗം പ്രതിനിധികളും പിന്തുണച്ചിരുന്നു.

ബി.ജെ.പിയുടെ നവ ഉദാരവത്കരണ നയങ്ങളെ എതിർക്കാൻ തയ്യാറാകാത്ത കോൺഗ്രസുമായി രാഷ്ട്രീയ ധാരണയിൽ ഏർപ്പെടുന്നത് സി.പി.എമ്മിന്റെ വിശ്വാസ്യതയെ ബാധിക്കുമെന്നാണ് കാരാട്ട് പക്ഷത്തിന്റെ നിലപാട്. പ്രത്യയശാസ്ത്ര തർക്കങ്ങളിലും കേന്ദ്ര നേതൃത്വത്തിലെ വിഭാഗീയതയിലും മറ്റും മദ്ധ്യസ്ഥത ചുമതല വഹിക്കാറുള്ള മണിക് സർക്കാരിനു മുഖ്യമന്ത്രി സ്ഥാനം നഷ്ടമായതിനെ തുടർന്ന് പഴയ സ്വീകാര്യത ഇല്ലാതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ത്രിപുരയിലെ തിരഞ്ഞെടുപ്പ് തോൽവി തന്റെ രാഷ്ട്രീയ ലൈനിനു കരുത്ത് പകരുമെന്ന പ്രതീക്ഷയും യെച്ചൂരിക്കുണ്ട്. അതേ സമയം ഇന്ത്യയിലെ ഏക സി.പി.എം മുഖ്യമന്ത്രി എന്ന നിലയിൽ പിണറായി വിജയന്റെ സംഘടനയിലെ സ്വാധീനം യെച്ചൂരി അനുകൂല വിഭാഗത്തിന് നന്നായി അറിയുന്നതുമാണ്. കാരാട്ട് പക്ഷത്തിന് മുൻതൂക്കമുള്ള 90 അംഗ കേന്ദ്രകമ്മിറ്റിയാണ് ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുക്കുക.

എസ്.ആർ.പി ഒഴിയും; ഇനി കേരളത്തിൽ

രാഷ്ട്രീയലേഖകൻ

ഹൈദരാബാദ്: സി.പി.എം അഖിലേന്ത്യാ നേതൃത്വത്തിലെ ശാക്തികച്ചേരിയിൽ പ്രമുഖനായ എസ്. രാമചന്ദ്രൻ പിള്ള പാർട്ടിയുടെ ഉയർന്ന സമിതികളായ പോളിറ്റ് ബ്യൂറോയിലും, കേന്ദ്ര കമ്മിറ്റിയിലും നിന്ന് ഒഴിയും.

നാളെ മുതൽ ഹൈദരാബാദിൽ നടക്കുന്ന പാർട്ടി കോൺഗ്രസിലാണ് വിടവാങ്ങൽ. പഴയ തട്ടകമായ കേരളത്തിലേക്ക് അദ്ദേഹം ചുവട് മാറ്റും. തിരുവനന്തപുരത്ത് ഇ.എം.എസ് പഠന ഗവേഷണ കേന്ദ്രത്തിന്റെ ചുമതലക്കാരനായി തുടർന്നേക്കും. സംസ്ഥാന കമ്മിറ്റിയിൽ ക്ഷണിതാവാകും. 80 തികഞ്ഞവർ ഒഴിവാകണമെന്ന വ്യവസ്ഥ പാലിച്ചാണ് എസ്.ആർ.പി ഒഴിയുന്നത്.

പാർട്ടിയുടെ കഴിഞ്ഞ വിശാഖപട്ടണം കോൺഗ്രസിൽ പ്രകാശ് കാരാട്ട് സ്ഥാനമൊഴിഞ്ഞപ്പോൾ, ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് അവസാന നിമിഷം വരെ എസ്.ആർ.പിയുടെ പേര് ഉയർന്നു കേട്ടതാണ്. നാടകീയ നീക്കങ്ങൾക്കൊടുവിലാണ് യെച്ചൂരി ആ സ്ഥാനത്തെത്തിയത്. പിന്നീടുള്ള മൂന്ന് വർഷക്കാലം സി.പി.എമ്മിന്റെ രാഷ്ട്രീയ നയരൂപീകരണങ്ങളിൽ കാരാട്ട്- എസ്.ആർ.പി ചേരി, ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ വാദങ്ങളെ മറികടക്കുന്നതാണ് കണ്ടത്. ഏറ്റവുമൊടുവിൽ, 22-ാം പാർട്ടി കോൺഗ്രസിനുള്ള കരട് രാഷ്ട്രീയ പ്രമേയത്തിൽ വരെ. സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റംഗമായിരിക്കെ 1989ലാണ് എസ്.ആർ.പിയെ കേന്ദ്രസെക്രട്ടേറിയറ്റിൽ ഉൾപ്പെടുത്തിയത്. 92ൽ പി.ബി അംഗമായി.

80 തികഞ്ഞതിനാൽ സംസ്ഥാന കമ്മിറ്റിയിൽ നിന്നൊഴിഞ്ഞ പി.കെ. ഗുരുദാസൻ കേന്ദ്ര കമ്മിറ്റിയിൽ നിന്നും ഒഴിയും. എം.വി. ഗോവിന്ദൻ, മന്ത്രി ജി. സുധാകരൻ തുടങ്ങിയ പേരുകൾ കേന്ദ്രകമ്മിറ്റിയിലേക്ക് പ്രചരിക്കുന്നുണ്ട്. കിസാൻസഭാ നേതാവും കേന്ദ്രകമ്മിറ്റിയിൽ ക്ഷണിതാവുമായ ഡോ. വിജൂകൃഷ്ണൻ കേന്ദ്ര കമ്മിറ്റിയിൽ സ്ഥിരാംഗമാകും. കിസാൻസഭ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയും അഖിലേന്ത്യാ സെന്ററിന്റെ ഭാഗവുമായ കെ.കെ. രാഗേഷ് കേന്ദ്ര കമ്മിറ്റിയിൽ ക്ഷണിതാവാകാനും സാദ്ധ്യതയുണ്ട്. പാർട്ടി സ്ഥാപകാംഗമെന്ന നിലയിൽ മുതിർന്ന നേതാവ് വി.എസ്. അച്യുതാനന്ദനെ കേന്ദ്ര കമ്മിറ്റിയിൽ ക്ഷണിതാവായി നിലനിറുത്തിയേക്കും.

ഡോക്ടർമാരുടെ സമരം തീർന്നു

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ഒ.പി ബഹിഷ്കരണത്തിലൂടെ, സർക്കാർ ആശുപത്രികളിലെത്തുന്ന പാവപ്പെട്ട രോഗികളെ വലച്ചു കൊണ്ട് കഴിഞ്ഞ നാല് ദിവസമായി സർക്കാർ ഡോക്ടർമാർ നടത്തിവരുന്ന സമരം അവസാനിപ്പിച്ചു. ആരോഗ്യമന്ത്രി കെ.കെ.ശൈലജയുമായി ഡോക്ടർമാരുടെ സംഘടനാനേതാക്കൾ ഇന്നലെ രാത്രി നടത്തിയ ചർച്ചയെ തുടർന്നാണ് സമരം പിൻവലിച്ചത്.

സമരവുമായി മുന്നോട്ട് പോയാൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയതോടെയാണ് ഡോക്ടർമാർ അയഞ്ഞത്.

സമരം അവസാനിപ്പിക്കാൻ ചർച്ച നടത്തണമെന്നാവശ്യപ്പെട്ട് സംഘടനാനേതാക്കൾ ഇന്നലെ ഉച്ചയോടെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി സെന്തിലിനെയും ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സന്തോഷിനെയും കണ്ട് കത്ത് നൽകി.

ബഹിഷ്കരണം പിൻവലിച്ചാൽ മാത്രം ചർച്ചയെന്നായിരുന്നു സർക്കാരിന്റെ നിലപാട്. ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കിയ നിലപാട് പിന്നീട് വാർത്താസമ്മേളനത്തിൽ മന്ത്രി കെ.കെ.ശൈലജയും ആവർത്തിച്ചു.

ജോലിക്ക് ഹാജരാകാത്ത പ്രൊബേഷണറി ഡോക്ടർമാരെ സർവീസിൽ നിന്ന് പിരിച്ചുവിടുമെന്ന് മന്ത്രി അറിയിച്ചു. പകരം, പി.എസ്.സി ലിസ്റ്റിൽ നിന്ന് ഡോക്ടർമാരെ നിയമിക്കും. 4500 പേർ പി.എസ്.സി റാങ്ക് ലിസ്റ്റിലുണ്ട്.

അതിന്റെ ആർദ്രം മിഷനിൽ നിന്ന് പിന്നോട്ട് പോകില്ലെന്നും, ബഹിഷ്കരണം തുടരുന്ന ഡോക്ടർമാർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

തീരെ വയ്യ മക്കളെ ... *ഡോക്ടർമാരുടെ സമരത്തെ തുടർന്ന് തൃശ്ശൂർ ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന് മുന്നിൽ മണിക്കൂറുകളായി ക്യൂവിൽ ഡോക്ടറെ കാണാൻ കാത്തിരിക്കുന്ന 88 വയസുള്ള അംബുജാക്ഷി എന്ന വയോധിക ഫോട്ടോ: റാഫി എം. ദേവസി*

പ്രധാന തീരുമാനങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകിട്ടുവരെയുള്ള ഒ.പി.യുമായി സഹകരിക്കും. ഈ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 ഡോക്ടർമാരെ ഉറപ്പ് വരുത്തും. ഇവർ ലീവെടുക്കുന്ന ദിവസങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് റിസർവ് ടീം ഉണ്ടാകും. രോഗികൾ കൂടുതലുള്ള കേന്ദ്രങ്ങളിൽ അവശ്യമെങ്കിൽ ഘട്ടംഘട്ടമായി കൂടുതൽ ഡോക്ടർമാരെ പുനർവിന്യസിക്കുന്ന കാര്യം ആലോചിക്കും. ഇക്കാര്യം സർക്കാർ മുൻകൂട്ടി കണ്ടിരുന്നു. ആർദ്രം മിഷന്റെ ഭാഗമായ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക വിഷമതകൾ പരിഹരിക്കാൻ ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിച്ച് കെ.ജി.എം.ഒ.എ. പ്രതിനിധികൾ അടക്കമുള്ളവരുമായി ചർച്ച നടത്തും.

വർഷങ്ങളായി കെട്ടിക്കിടന്ന പെറ്റിക്കേസുകൾ തീർപ്പാക്കിയത് അന്വേഷിക്കും

തിരുവനന്തപുരം: വാറണ്ട് മടങ്ങിയും പ്രതികളെ കണ്ടെത്താനാവാതെയും വർഷങ്ങളായി കെട്ടികിടക്കുന്ന 1622 പെറ്റിക്കേസുകൾ തീർപ്പാക്കിയെന്ന ആരോപണം ഉയർന്നതിനെത്തുടർന്ന് കൊല്ലം ജുഡിഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് രണ്ടാംകോടതിയിലെ മജിസ്ട്രേട്ട് ആർ. രാജേഷിനെതിരെ അന്വേഷണത്തിന് കൊട്ടാരക്കര അബ്കാരി കോടതി ജഡ്ജി ഗിരീഷ്കുമാറിനെ ഹൈക്കോടതി നിയോഗിച്ചു.

ക്രിമിനൽ നടപടി ചട്ടത്തിലെ 258-ാം വകുപ്പ് ഉപയോഗിച്ച് പൊതുസ്ഥലത്ത് പുകവലി, മദ്യപാനം, കഞ്ചാവ് ഉപയോഗം, മോട്ടോർവാഹന നിയമലംഘനം തുടങ്ങിയ കേസുകൾ രാജേഷ് തീർപ്പാക്കിയെന്നാണ് ആരോപണം. 258-ാം വകുപ്പ് പ്രയോഗിക്കുന്നതിൽ ഹൈക്കോടതി നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നാണ് അന്വേഷിക്കുന്നത്.

എന്നാൽ, 258-ാം വകുപ്പ് പ്രയോഗിച്ച് വർഷങ്ങളായി കെട്ടിക്കിടക്കുന്ന കേസുകളിലെ നടപടികൾ അവസാനിപ്പിക്കുന്നത് അസാധാരണ സംഭവമല്ലെന്ന് നിയമവിദഗ്ദ്ധർ പറയുന്നു. ഹൈക്കോടതി 2013ൽ ഒരു ഓഫീസ് മെമ്മോറാണ്ടത്തിലൂടെ കാലഹരണപ്പെട്ടതും കഴമ്പില്ലാത്തതും നിരർത്ഥകവുമായ കേസുകൾ 258-ാം വകുപ്പ് പ്രയോഗിച്ച് തീർപ്പാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഇത് പിൻവലിച്ച് 2015ൽ ഹൈക്കോടതി മറ്റൊരു ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചു.

എട്ടുവർഷം വരെ പഴക്കമുള്ളതും ഇതുവരെ പൊലീസ് സമൻസും വാറണ്ടും നടപ്പാക്കാൻ കഴിയാത്തതുമായ പെറ്റിക്കേസുകളാണ് കൊല്ലത്തെ മജിസ്ട്രേട്ട് രാജേഷ് തീർപ്പാക്കിയത്. ഈ കേസുകളിൽ മിക്കതിലും പ്രതികളുടെ വിലാസം വ്യാജമോ നിലവിലില്ലാത്തതോ ആണ്. കൊല്ലം ജുഡിഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് രണ്ടാംകോടതിയിൽ കെട്ടിക്കിടക്കുന്ന 32,000ത്തിലേറെ കേസുകളിൽ 1622 കേസുകളാണ് മജിസ്ട്രേട്ട് സ്വമേധയാ തീർപ്പാക്കിയതെന്നാണ് പ്രാഥമിക വിവരം. കോടതികളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കാനും സുപ്രധാന കേസുകളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാനുമാണ് ന്യായാധിപന്മാർ 258-ാം വകുപ്പ് പ്രയോഗിച്ച് ഇത്തരം നടപടികളെടുക്കുന്നത്. പ്രയോജനരഹിതമായ വാറണ്ടുകളും സമൻസുകളും ആവർത്തിച്ച് അയച്ച് കോടതിയുടെയും ജീവനക്കാരുടെയും സമയം നഷ്ടമാക്കുന്നത് ഒഴിവാക്കാനാണ് 258-ാം വകുപ്പ് പ്രയോഗിക്കുന്നത്.

നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കേസുകൾ തീർപ്പാക്കപ്പെടേണ്ടത് പൗരന്റെ മൗലിക അവകാശമാണെന്ന് സുപ്രീംകോടതി ഉത്തരവുണ്ട്. മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ക്വോട്ട തികയ്ക്കാനായി പൊലീസ് രജിസ്റ്റർ ചെയ്യുന്ന പെറ്റിക്കേസുകളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ പോലും വ്യാജവിലാസമുണ്ട്. അമ്പതിലേറെ തവണ സമൻസയച്ചിട്ടും ഫലമില്ലാത്ത കേസുകളുമുണ്ട്. 1923 കേസുകൾ സ്വമേധയാ തീർപ്പാക്കിയെന്ന് ആരോപണമുയർന്ന കൊല്ലത്തെ മൂന്നാം കോടതിയിലെ മജിസ്ട്രേട്ടിനെതിരെ നേരത്തേ നടപടികൾ തുടങ്ങിയിരുന്നു. ഇതിന്റെ ഭാഗമായി മൊഴിയെടുത്തപ്പോഴാണ് രാജേഷും 258-ാം വകുപ്പ് ഉപയോഗിച്ചിട്ടുണ്ടെന്ന പരാമർശമുണ്ടായത്. പ്രഥമദൃഷ്ട്യാ ആരോപണത്തിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടാണ് വിശദമായ അന്വേഷണത്തിലൂടെ വസ്തുതകൾ മനസിലാക്കാൻ ജില്ലാ ജഡ്ജിയെ നിയോഗിച്ചത്. അച്ചടക്ക നടപടിയുടെ ഭാഗമായുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കാൻ ചുരുങ്ങിയത് ആറുമാസമെടുക്കും.

കടിഞ്ഞൂൽക്കുഞ്ഞിനെ കാണാനെത്തിയ യുവാവിനെ ഭാര്യാപിതാവ് കുത്തിക്കൊന്നു

തിരുവനന്തപുരം: കടിഞ്ഞൂൽക്കുഞ്ഞിനെ കാണാൻ ആശുപത്രിയിലെത്തിയ യുവാവിനെ ഭാര്യാപിതാവ് കുത്തിക്കൊന്നു. ഒപ്പമുണ്ടായിരുന്ന സുഹൃത്തിനും കുത്തേറ്റു.

നേമം കല്ലിയൂർ പഞ്ചായത്ത് ഓഫീസിനു സമീപം വിവേകാനന്ദ നഗറിൽ മേലെത്തോട്ടത്തുവിള സൂര്യകാന്തി വീട്ടിൽ സുധാകരൻ-പ്രഭാവതി ദമ്പതികളുടെ മകൻ കൃഷ്ണകുമാറാണ് (29) കുഞ്ഞിനെ കാണാനാകാതെ ആശുപത്രിവളപ്പിൽ കൊല്ലപ്പെട്ടത്. ഞായറാഴ്ച വൈകിട്ടാണ് നഗരത്തിലെ ഒരു സ്വകാര്യ ആശുപത്രിയിൽ നാടിനെ നടുക്കിയ കൊലപാതകം നടന്നത്. സെക്രട്ടേറിയറ്റ് സഹകരണവകുപ്പിലെ ഡ്രൈവറായിരുന്നു കൃഷ്ണകുമാർ. കൃഷ്ണകുമാറിന്റെ ഭാര്യ അലീനയുടെ പിതാവ് കല്ലിയൂർ വള്ളംകോട് ഗീതുനിവാസിൽ വാടകയ്ക്ക് താമസിക്കുന്ന ഉദയകുമാർ (61) ഒളിവിലാണ്.

തടസംപിടിക്കാൻ ചെന്നപ്പോഴാണ് കൂടെയുണ്ടായിരുന്ന സുഹൃത്ത് വഴയില സ്വദേശി അഖിലിന് കുത്തേറ്റത്. ആശുപത്രിയിൽ നിന്ന് മുങ്ങിയ പ്രതിക്കായി പൊലീസ് അന്വേഷണം ഊർജിതമാക്കി.

കഴിഞ്ഞവർഷം ജൂണിലാണ് അലീനയും സെക്രട്ടേറിയറ്റ് സഹകരണ വകുപ്പിലെ താത്കാലിക ഡ്രൈവറായ കൃഷ്ണകുമാറും തമ്മിലുള്ള വിവാഹം വീട്ടുകാർ നടത്തിയത്. വിവാഹം കഴിഞ്ഞ് കുറച്ചുനാൾ കഴിഞ്ഞതും കൃഷ്ണകുമാറും ഉദയകുമാറും തമ്മിൽ അകന്നു. ഈഴവ സമുദായാംഗമാണ് ഉദയകുമാർ. കൃഷ്ണകുമാറിന്റെ അച്ഛൻ ഈഴവ സമുദായവും അമ്മ പട്ടികവർഗക്കാരിയുമാണ്. കല്യാണം കഴിഞ്ഞതോടെ, ഓരോ കാര്യങ്ങൾക്കും മകളെ കൃഷ്ണകുമാർ കുറ്റപ്പെടുത്തുമായിരുന്നുവത്രെ. ഇത് പിതാവ് ഉദയകുമാർ ചോദ്യം ചെയ്തിരുന്നുവെന്നും പറയപ്പെടുന്നു. അടുത്തിടെ ഇരുവരും തമ്മിലുള്ള വഴക്ക് വർദ്ധിച്ചു. മൊബൈൽ ഫോൺ വഴി ഭീഷണികളും നടത്തിയിരുന്നു. ഈ വഴക്ക് മൂത്തതാവാം കൊലയിലേക്ക് നയിച്ചതെന്ന് കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ശംഖുമുഖം അസി. കമ്മിഷണർ ഷാനിഹാൻ പറഞ്ഞു.

കൃഷ്ണകുമാർ

ഈമാസം 12നാണ് കൃഷ്ണകുമാറിന്റെ ഭാര്യ അലീന ജനറലാശുപത്രിക്കു സമീപമുള്ള സ്വകാര്യ ആശുപത്രിയിൽ പെൺകുഞ്ഞിന് ജന്മം നൽകിയത്. കുഞ്ഞിനെ കാണാൻ കൃഷ്ണകുമാറിനെ ഭാര്യവീട്ടുകാർ അനുവദിച്ചിരുന്നില്ല. കുഞ്ഞിനെ ആശുപത്രിയിൽ കാണാനെത്തിയ കൃഷ്ണകുമാറിന്റെ അമ്മയെയും ഭാര്യാവീട്ടുകാർ വഴക്കുപറഞ്ഞയച്ചതായി പൊലീസ് പറഞ്ഞു. ഇതിനെത്തുടർന്നാണ് സുഹൃത്തിനോടൊപ്പം കൃഷ്ണകുമാർ ഞായറാഴ്ച ആശുപത്രിയിലെത്തിയത്. അതോടെ, ഇരുവരും തമ്മിൽ വാക്കേറ്റമായി. വാക്കേറ്റം മൂത്തതോടെ ഉദയകുമാർ തന്റെ പക്കലുണ്ടായിരുന്ന കത്തിയെടുത്ത് കൃഷ്ണകുമാറിനെ കുത്തുകയായിരുന്നു. പരിക്കേറ്റ ഇരുവരെയും മെഡിക്കൽകോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും കൃഷ്ണകുമാറിന്റെ ജീവൻ രക്ഷിക്കാനായില്ല. നെഞ്ചിലേറ്റ കുത്താണ് മരണകാരണമെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. മൃതദേഹം ഇന്നലെ വൈകിട്ട് അഞ്ചിന് ശാന്തികവാടത്തിൽ സംസ്കരിച്ചു. ആശ സഹോദരിയാണ്.